പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2162 — 05.05.2017-ൽ മറുപടിയ്ക്ക്

## ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം മിനി ഫിഷിംഗ് ഹാർബറിലേക്കുള്ള റോഡിന്റെയും അനുബന്ധഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ്, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിരവധി ചർച്ചകൾക്ക് ശേഷവും സ്ഥലത്തിന്റെ വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിലാകാത്തതിനാൽ നെഗോസിയേഷൻ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ല. തുടർന്ന് 11.01.2017ൽ ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ തെക്ക് ഭാഗത്തു കൂടിയുള്ള പുതിയ പ്രവേശനപാതയ്ക്ക് വേണ്ടി മറ്റൊരു പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായി. ആയതിൻപ്രകാരമുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, ജി.സി.ഡി.എ, എറണാകുളത്തെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ലാന്റ് അക്വിസിഷൻ പൂർത്തിയാക്കിയശേഷം അനുബന്ധ സൗകര്യങ്ങൾ നിർമ്മിച്ച് ഹാർബർ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ